പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2650 — 06.02.2018-ൽ മറുപടിയ്ക്ക്

## പട്ടയ ഭൂമിയിലെ റിസർവ് ചെയ്യാത്ത മരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആന്റണി ജോൺ | അഡ്വ.കെ.രാജു<br>(വനവും വന്യജീവി സംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പട്ടയ ഭൂമിയിലെ റിസർവ് ചെയ്യാത്ത മരങ്ങൾ മുറിക്കുന്നതിന് പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) പട്ടയഭൂമിയിലെ മരംമുറി സംബന്ധമായി പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി-യിട്ടില്ല. |
| (ബി) വനഭൂമി പട്ടയം ലഭിച്ചിട്ടുള്ള കർഷകർ അവർ നട്ടു വളർത്തിയ തേക്ക്, ആഞ്ഞിലി മുതലായ മരങ്ങൾ വെട്ടി വില്ക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | (ബി) പട്ടയഭൂമിയിലെ മാവ്, അമ്പഴം, പുളി, നെല്ലി, കുടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, പ്ലാവ്, ആഞ്ഞിലി എന്നീ 11 ഇനം മരങ്ങൾ മുറിക്കുന്നതിന് തടസ്സമില്ല. മറ്റു മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണമുണ്ട്. |
| (സി) എങ്കിൽ തടസ്സം നീക്കി മരങ്ങൾ മുറിക്കുന്നതിന് അനുമതി നല്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) പരിശോധിച്ചു വരുന്നു. |
| (ഡി) ഇതുസംബന്ധിച്ച് നിലവിലെ വ്യവസ്ഥകൾ വ്യക്തമാക്കാമോ? | (ഡി) വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്ക് 11 ഇനങ്ങളിൽപ്പെട്ട (മാവ്, അമ്പഴം, പുളി, നെല്ലി, കുടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, പ്ലാവ്, ആഞ്ഞിലി) മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ 15.03.1993-ലെ സ.ഉ(എം.എസ്)നമ്പർ 23/93/വനം, 19.05.1993 ലെ സ.ഉ(എം.എസ്)നമ്പർ |

36/93/വനം, 27.05.2015-ലെ സ.ഉ (എം.എസ്)നമ്പർ. 40/2015/വനം, 09.07.2015 തീയതിയിലെ സ.ഉ (എം.എസ്)49/15/വനം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവാദം ഉണ്ട്. കേരള ഭൂപതിവ് ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് പതിച്ച് കൊടുക്കുന്ന പട്ടയഭൂമിയിലെ മരം മുറിക്കുന്നതിന് ബന്ധപ്പെട്ട നിയമത്തിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾ ഉണ്ട്.

സെക്ഷൻ ഓഫീസർ